*22-06-2026*
*Obituary reference*

**ചരമോപചാരം**

സലിം കുമാറിന്റെ നിര്യാണം

മി. സ്പീക്കർ: മലയാള ചലച്ചിത്ര മേഖലയിൽ ഹാസ്യനടനായും സ്വഭാവ നടനായും ഒരുപോലെ അവിസ്മരണീയ പ്രകടനങ്ങൾ കാഴ്ചവച്ച് മികച്ച നടനുള്ള ദേശീയ, സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയ അതുല്യപ്രതിഭ സലിം കുമാർ 2026 ജൂൺ 6-ന് വിടവാങ്ങി. പ്രേക്ഷകരെ ഒരേ സമയം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കലാകാരനായിരുന്നു അദ്ദേഹം. 1969 ഒക്ടോബർ 10-ന് എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിലെ ചിറ്റാറ്റുകരയിൽ ഗംഗാധരൻ, കൗസല്യ ദമ്പതികളുടെ ഇളയ മകനായി ജനനം. ചിറ്റാറ്റുകര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, മാല്യങ്കര ഐ.ആർ.എസ്. കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ നിന്നായി വിദ്യാഭ്യാസം പൂർത്തിയാക്കി. മഹാരാജാസിലെ പഠനകാലത്ത് യൂണിവേഴ്സിറ്റി തലത്തിൽ മികച്ച മിമിക്രി കലാകാരനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൊച്ചിൻ കലാഭവൻ, കൊച്ചിൻ സാഗർ തുടങ്ങിയ പ്രമുഖ സമിതികളിലൂടെ മിമിക്രി രംഗത്ത് സജീവമായിരുന്ന സലിം കുമാർ, സിദ്ധിഖ് ഷമീർ സംവിധാനം ചെയ്ത് 1997-ൽ പുറത്തിറങ്ങിയ 'ഇഷ്ടമാണ് നൂറുവട്ടം' എന്ന സിനിമയിലൂടെയാണ് ചലച്ചിത്ര രംഗത്തേക്ക് കടന്നുവരുന്നത്. 2000-ൽ പുറത്തിറങ്ങിയ 'സത്യമേവ ജയതേ' എന്ന ചിത്രത്തിലെ കഥാപാത്രത്തിലൂടെയാണ് പ്രേക്ഷകർ അദ്ദേഹത്തെ ശ്രദ്ധിച്ചുതുടങ്ങിയത്. പിന്നീട് അതേവർഷം തന്നെ പുറത്തിറങ്ങിയ 'തെങ്കാശിപ്പട്ടണ'-ത്തിലെ

*22-06-2026*
*Obituary reference*

മുത്തുരാമനിലൂടെ സലിം കുമാർ ജനമനസ്സുകളിൽ ചേക്കേറി.

മലയാളത്തിനുപുറമെ തമിഴ്, ബംഗാളി ഭാഷാ ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്. 2010-ൽ 'ആദാമിന്റെ മകൻ അബു' എന്ന ചിത്രത്തിലൂടെ മികച്ച നടനുള്ള ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾക്ക് അർഹനായി. 'അച്ഛനുറങ്ങാത്ത വീട്' എന്ന സിനിമയിലെ അഭിനയത്തിന് 2005-ൽ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. 'അയാളും ഞാനും തമ്മിൽ' എന്ന ചിത്രത്തിലൂടെ 2013-ൽ മികച്ച ഹാസ്യനടനുള്ള സംസ്ഥാന പുരസ്കാരം നേടി. 2013-ൽ മികച്ച നടനുള്ള സംസ്ഥാന ടെലിവിഷൻ അവാർഡ് കരസ്ഥമാക്കി. 'കറുത്ത ജൂതൻ', 'ദൈവമേ കൈതൊഴാം കെ. കുമാർ ആകണം' എന്നീ ചിത്രങ്ങളുടെ സംവിധായകനായിരുന്നു. രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളിൽ എന്നും നിർഭയമായ നിലപാടുകൾ സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. മലയാളികളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞ ഒട്ടേറെ സംഭാഷണശകലങ്ങൾ സംഭാവന ചെയ്ത സലിം കുമാറിന്റെ അകാലവിയോഗം കേരളീയ പൊതുസമൂഹത്തിന് ഒരു തീരാനഷ്ടമാണ്.

അന്തരിച്ച മഹാവ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)